26/8/2020
WEDNESDAY

# MALAYALAM
## [Adisthana Paadavali]

STD - X
Class - 10

### Assignment

1) 'അമ്മത്തൊട്ടിൽ' എന്ന കവിതയിൽ കവി അവതരിപ്പിച്ചിരിക്കുന്ന അമ്മയെക്കുറിച്ചുള്ള വാങ്മയചിത്രത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

Ans) സമകാലിക കവികളിൽ ഏറ്റവും ശ്രദ്ധേയനായ കവിയാണ് റഫീക്ക് അഹമ്മദ്. ഈ കവിതയിൽ അമ്മയുടെ അവസ്ഥ വളരെ ദയനീയമായാണ് കവി വരച്ചിടുന്നത്. പുത്തൻ പിഞ്ഞാണത്തിന് നല്ല തൂവെള്ളത്തിളക്കമാണ്. ഒരുപാട് പേർക്ക് ഒരുപാട് കാലം കഞ്ഞിവിളമ്പിയും ചാരം കൊണ്ട് തേച്ച് കഴുകിയും പഴക്കം കൊണ്ടും ഒടുവിലത് നിറംകെട്ട് പോകുന്നു. വാർധക്യത്തിലെത്തിയ അമ്മയുടെ കണ്ണുകളും നിറംകെട്ട് ചൈതന്യരഹിതമായിരിക്കുന്നു. മക്കൾക്കുവേണ്ടി മാത്രം ജീവിച്ച് വാർധക്യത്തിലെത്തിയ അമ്മയുടെ അവസ്ഥ ഏറ്റവും നന്നായി പ്രതിഫലിപ്പിക്കുന്നതാണ് ഈ വിശേഷണം.

2) 'ഇപ്പെരും മാളിന്റെ (ഈപ്പെരുമാളിന്റെ?)'
ഈ പ്രയോഗത്തിന്റെ ഔചിത്യം വ്യക്തമാക്കുക?

Ans) അമ്മയെ ഉപേക്ഷിക്കാൻ പറ്റിയ സ്ഥലമായി മകൻ ആദ്യം കണ്ടെത്തുന്നത് ഒരു വലിയ മാളിന്റെ സമീപമാണ്. ആധുനിക കാലത്തെ വ്യാപാരകേന്ദ്രമാണല്ലോ മാൾ. എന്തും സ്വയം തിരഞ്ഞെടുക്കാൻ കിട്ടുന്ന വലിയ വ്യാപാരസ്ഥാപനം. കവി അത് 'ഇപ്പെരുമാൾ' ആണോ എന്ന് സംശയിക്കുന്നുമുണ്ട്. പെരുമാൾ ഈശ്വരനാണല്ലോ. എല്ലാം തരുന്നവൻ. എല്ലാം കാണുന്നവനും അറിയുന്നവനുമാണ് എന്നുകൂടി ചേർത്ത് പറയാം. അതുകൊണ്ടാണ് അവിടുത്തെ പട്ടി കുരച്ചുചാടിയത്. ഏതായാലും കാലഘട്ടത്തിന്റെ പെരുമാൾ തന്നെയാണ് വലിയ മാൾ.